**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2389 — 08.07.2015 -ന് മറുപടിയ്ക്ക്

## വിശ്വകർമ്മജർക്ക് പെൻഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എ. എം. ആരിഫ്** | | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) | 2013 ബഡ്ജറ്റിൽ വിശ്വകർമ്മജർക്ക് പെൻഷൻപദ്ധതി പ്രഖ്യാപിച്ചിരുന്നുവോ; പ്രസ്തുത പദ്ധതി നടപ്പാക്കിത്തുടങ്ങിയോ; ഇല്ലെങ്കിൽ എന്നു മുതൽ നടപ്പാക്കും; പ്രസ്തുത പദ്ധതിയുടെ മാദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവിറങ്ങിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | എ) | 2013-ലെ ബഡ്ജറ്റിൽ വിശ്വകർമ്മജർക്ക് പെൻഷൻ പദ്ധതി പ്രഖ്യാപിച്ചിരുന്നു. 29.08.2013-ലെ സ. ഉ. (സാധാ) നമ്പർ 79/2013/പിസവിവ പ്രകാരം 60 വയസ്സ് കഴിഞ്ഞ ബി. പി. എൽ. ആയ പരമ്പരാഗത വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട (മരം/ഇരുമ്പ്/കല്ലാശാരിമാർ/ സ്വർണ്ണപ്പണിക്കാർ/ അശാരികൾ) വ്യക്തികൾക്ക് 500 രൂപ പ്രതിമാസ പെൻഷൻ ഏർപ്പെടുത്തി ഉത്തരവാകുകയുണ്ടായി. പ്രസ്തുത പെൻഷൻ നല്കുന്നതിന് പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതു പ്രകാരം 10.11.2014-ൽ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ പെൻഷൻ ലഭിക്കുന്നതിന് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം ധനകാര്യ വകുപ്പ് പരിശോധിച്ച് വരികയാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ വിതരണം ആരംഭിക്കുന്നതാണ്. 10.11.2014-ലെ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ വിജ്ഞാപനത്തിൽ അപേക്ഷകർക്കുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അത്യാവശ്യം

# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ – നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം – 695 003
ഫോൺ : 0471 2727378, ഫാക്സ് : 0471 2727379 , email : ohcdirectorate@gmail.com

BCDD/A1/991/13 ഭരണഭാഷ – മാതൃഭാഷ തീയതി :10.11.2014

## നോട്ടിഫിക്കേഷൻ

വിഷയം : പിന്നാക്ക സമുദായ വികസന വകുപ്പ് - പരമ്പരാഗത വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവർക്കുള്ള പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന : സ.ഉ(സാധാ) 79/2013/പി.സ.വി.വ തീയതി 29.08.2013

മറ്റ് പെൻഷനൊന്നും ലഭിക്കാത്ത 60 വയസ്സ് കഴിഞ്ഞ, സംസ്ഥാനത്തെ വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട പരമ്പരാഗത തൊഴിലാളികൾക്ക് പ്രതിമാസം ₹ 500 വീതം പ്രതിമാസ പെൻഷൻ അനുവദിക്കുന്നതിന് സൂചന പ്രകാരം ഉത്തരവായിരുന്നു. ടി പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പിന്നാക്ക സമുദായ വികസന വകുപ്പ് പെൻഷന് അപേക്ഷ ക്ഷണിക്കുന്നു. അർഹരായവർക്കുള്ള പെൻഷൻ തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ അപേക്ഷകന്റെപേരിലുള്ള അക്കൗണ്ട് വിവരങ്ങളാണ് അപേക്ഷയിൽ ചേർക്കേണ്ടത്. അപേക്ഷകർക്കുള്ള മറ്റ് നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

### *മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും*

1. അപേക്ഷകൻ/അപേക്ഷക വിശ്വകർമ്മ സമുദായത്തിൽപ്പെട്ട വ്യക്തി ആയിരിക്കണം.
2. അപേക്ഷകൻ കേരളീയനായിരിക്കണം.
3. വാർഷിക വരുമാനം 50000 രൂപയിൽ അധികരിക്കരുത്.
4. 2014 ഏപ്രിൽ 1 ന് 60 വയസ്സ് പൂർത്തിയായിരിക്കണം.
5. മറ്റേതിങ്കിലും ക്ഷേമ പെൻഷനുകൾ ലഭിച്ചുകൊണ്ടിരിക്കുന്നവർ ഈ പദ്ധതി പ്രകാരം അപേക്ഷിക്കാൻ പാടില്ല.
6. www.bcdd.kerala.gov.in/vps എന്ന വെബ് സൈറ്റ് മുഖേന അപേക്ഷകൾ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്. 11.11.2014 മുതൽ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും.
7. അപേക്ഷകന്റെ പാസ്പോർട്ട് വലുപ്പത്തിലുള്ള ഫോട്ടോ പതിച്ച ഓൺലൈൻ അപേക്ഷയുടെ പ്രിന്റ്ഔട്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയിൽ നിന്നുള്ള

നിശ്ചിത മാതൃകയിലുള്ള അപേക്ഷ [illegible] (മാതൃക [illegible] ചേർത്തിട്ടുണ്ട്) റേഷൻ കാർഡിന്റെ ആദ്യ പേജുകളുടെ പകർപ്പ്, വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിന്റെ പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, അയ്യൻകാളി ഭവൻ,കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം -3 എന്ന വിലാസത്തിൽ **2014 നവംബർ 30 നകം അയക്കേണ്ടതാണ്. അപേക്ഷ അയക്കുന്ന കവറിനു പുറത്ത് വിശ്വകർമ്മ പെൻഷനുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തേണ്ടതാണ്.**

8. **യാതൊരു കാരണവശാലും ഒരു അപേക്ഷകൻ ഒന്നിലധികം പ്രാവശ്യം രജിസ്ട്രേഷൻ നടത്താൻ പാടുള്ളതല്ല.**

9. **അപേക്ഷകന്റേയോ, കുടുംബാംഗത്തിന്റേയോ ഇ മെയിൽ വിലാസം ആയിരിക്കണം ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടത്. ഈ വിലാസത്തിൽ ലഭ്യമാകുന്ന അപേക്ഷാ നമ്പർ ഉപയോഗിച്ചാണ് അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുക്കേണ്ടത്. ആയതിനാൽ ഇ മെയിൽ വിലാസം കൃത്യമായി രേഖപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

DIRECTORATE OF BACKWARD COMMUNITIES DEVELOPMENT DEPARTMENT

**ഡയറക്ടർ**
**പിന്നാക്ക സമുദായ വികസന വകുപ്പ്**

**പകർപ്പ് :**

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക സമുദായ വികസന വകുപ്പ്
ഡയറക്ടർ ,ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
നോട്ടീസ് ബോർഡ്, പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റ്
സീനിയർ സൂപ്രണ്ട്, പിന്നാക്ക സമുദായ വികസന വകുപ്പ്
(വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)

സെക്ഷൻ ഓഫീസർ